**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5146** **02-11-2021 - ൽ മറുപടിയ്ക്ക്**

**മുള്ളൻപന്നി ശല്യത്തിൽ കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നാട്ടിൻ പുറങ്ങളിൽ ഉൾപ്പെടെ മുള്ളൻപന്നി ശല്യത്തിൽ വ്യാപകമായ കൃഷി നാശമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ആയത് തടയുന്നതിന് കർഷകർക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നല്കാൻ സാധിക്കുകയെന്നതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ? | (ബി) | മുള്ളൻപന്നി ശല്യത്തിൽ വ്യാപകമായ കൃഷിനാശം ഉണ്ടാകുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിന് കർഷകർക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. സാധ്യമാകുന്ന സ്ഥലങ്ങളിൽ കൃഷിസ്ഥലത്തിന് ചുറ്റും വേലി നിർമ്മിച്ച് മുള്ളൻപന്നിയെ അകറ്റി നിർത്തുവാൻ സാധിക്കും. കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന ഉപയോഗിച്ച വലകൾ നിലത്ത് വിരിക്കുകയും ചെടിയുടെ മുകളിലേക്ക് കുറച്ച് ഉയരത്തിൽ വയ്ക്കുകയും ചെയ്യാവുന്നതാണ്. കാർഷിക സർവ്വകലാശാല നിർദ്ദേശിക്കുന്ന ബോറപ്പ് ഉപയോഗിച്ച് മുള്ളൻപന്നിയെ അകറ്റി നിർത്താവുന്നതാണ്. കൃഷിയിടത്തിനു ചുറ്റും ചെത്തികൊട്ടുവേലി കൃഷി വേലി പോലെ ചെയ്താൽ മുള്ളൻപന്നിയെ ഒരു പരിധി വരെ അകറ്റി നിർത്താൻ സാധിക്കും. കൃഷിയിടത്തിൽ വെള്ള ചുവപ്പ് നിറത്തിൽ ഇടവിട്ട് പ്രകാശിക്കുന്ന ബൾബുകൾ ഉള്ള ഫ്ലാഷ് ലൈറ്റ് ഉപയോഗിക്കുന്നത് മൂലം ഇവയുടെ ശല്യം കുറഞ്ഞതായി കാണപ്പെട്ടിട്ടുണ്ട്. വേപ്പ് അധിഷ്ഠിത കീടനാശിനികൾ ആയ അസാഡിറാക്റ്റിൻ പഴയ തുണികളിൽ കുതിർത്തു ചെടികളിൽ കെട്ടിവച്ച് മുള്ളൻപന്നിയെ അകറ്റി നിർത്തുവാൻ സാധിക്കുന്നതാണ്. പുതിയ ചാണക വളം കൃഷിക്ക് ഉപയോഗിക്കുമ്പോൾ ഈ പ്രദേശങ്ങളിൽ മുള്ളൻപന്നിയുടെ കൃഷിനാശം കുറഞ്ഞതായി കണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ